ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:25.08.2024

## പ്രധാനവാർത്തകൾ

1. കുട്ടികളുടെ പോഷകാഹാരമാണ് രാജ്യത്തിൻറെ മുൻഗണനയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ; പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 113 -ാമത് പതിപ്പിൽ പ്രധാനമന്ത്രി ജനങ്ങളെ അഭിസംബോധന ചെയ്തു.

2. പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്ന് പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ നിർമിക്കുന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണമെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ.

3. വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്ക് വേണ്ടി തിരച്ചിൽ തുടരുന്നു.

4. ഇന്ന് ചട്ടമ്പി സ്വാമി ജയന്തി ദിനം ; തിരുവനന്തപുരത്ത് ജയന്തി സമ്മേളനം മന്ത്രി കെ ബി ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്യും; കൊല്ലം പന്മന ആശ്രമത്തിലും നിരവധി പരിപാടികൾ.

5. അഭിനേത്രികളുടെ ആരോപണങ്ങളെ തുടർന്ന് ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്തും താര സംഘടന ജനറൽ സെക്രട്ടറി സ്ഥാനത്ത് നിന്ന് നടൻ സിദ്ദിഖും രാജിവെച്ചു.

***************************

RNU TVPM

## മൻ കി ബാത്ത് - പോഷകാഹാരം( ഇൻട്രോ )

കുട്ടികളുടെ പോഷകാഹാരമാണ് രാജ്യത്തിന്റെ മുൻഗണനയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 113 - മത് പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പോഷകാഹാര ബോധവൽക്കരണ പരിപാടിയിൽ എല്ലാവരും പങ്കാളികളാകണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(പി.എം വോയിസ് )

**************************

## മൻ കി ബാത്ത് - ബഹിരാകാശം

ബഹിരാകാശ മേഖലയിലെ പരിഷ്കാരങ്ങളിൽ നിന്ന് രാജ്യത്തെ യുവാക്കൾക്ക് ഏറെ പ്രയോജനം ലഭിച്ചതായി പ്രധാനമന്ത്രി മൻ കി ബാത്തിൽ അഭിപ്രായപ്പെട്ടു. മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യുവാക്കളുടെ സംഘവുമായി അദ്ദേഹം സംവദിച്ചു. ഇന്ത്യയിലെ ബഹിരാകാശ ആവാസ വ്യവസ്ഥയുടെ ഭാഗമാകാൻ ധാരാളം യുവാക്കൾ ഒരുക്കമാണെന്ന് സംഘം പ്രധാനമന്ത്രിയെ ധരിപ്പിച്ചു.

RNU TVPM

**************************

## മൻ കി ബാത്ത് - കളിപ്പാട്ടം ( ഇൻട്രോ )

ടോയ് റീസൈക്ലിങ് അഥവാ കളിപ്പാട്ടങ്ങളുടെ പുനഃചംക്രമണം ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. ഉപയോഗിച്ച ശേഷം കളിപ്പാട്ടങ്ങൾ വലിച്ചെറിയാതെ അവ സ്വപ്നംകാണാൻ കഴിയാത്ത കുഞ്ഞുങ്ങൾക്കായി സംഭാവന ചെയ്യണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. അതിലൂടെ പരിസ്ഥിതി സംരക്ഷണവും സാധ്യമാകുമെന്ന് പ്രധാനമന്ത്രി ഓർമിപ്പിച്ചു.

( പി.എം വോയിസ് )

**************************

## മൻ കി ബാത് ( ഇൻട്രോ )

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച്, ഇത്തവണത്തെ "ഹർ ഘർ തിരംഗ ' പ്രചാരണ പരിപാടിക്ക് വലിയ സ്വീകാര്യതയാണ് ലഭിച്ചതെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. രാജ്യത്തിന്റെ എല്ലാ കോണുകളിൽ നിന്നുമുള്ള ആളുകൾ പരിപാടിയുടെ ഭാഗമായതായി പ്രധാനമന്ത്രി വ്യക്തമാക്കി. മാലിന്യസംസ്കരണം, ആരോഗ്യം, മൃഗസ്നേഹം തുടങ്ങിയവയെ കുറിച്ചും ഇത്തവണത്തെ മൻ കി ബാത്തിൽ അദ്ദേഹം പ്രതിപാദിച്ചു. **വിശദാംശങ്ങളിലേക്ക്................**

(വോയ്സ്)

മധ്യപ്രദേശിലെ ത്ധാബുവയിൽ ശുചീകരണത്തൊഴിലാളികൾ നടത്തുന്ന പരിശ്രമങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഇ-കോൺഷ്യസ്, ഇക്കോകാരി എന്നീ സംരംഭങ്ങളെ കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. മാലിന്യങ്ങളിൽ നിന്ന് മനോഹരമായ വസ്തുക്കൾ നിർമിക്കുന്ന ഇത്തരം ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആരോഗ്യ സംരക്ഷണത്തെ കുറിച്ച് ആളുകളെ ബോധവാന്മാരാക്കാൻ ആരംഭിച്ച ഫിറ്റ് ഇന്ത്യ കാമ്പയിനെ കുറിച്ച് ഓർമപ്പെടുത്തിയ പ്രധാനമന്ത്രി, യോഗ പോലുള്ള വ്യായാമങ്ങൾക്കൊപ്പം ചെറുധാന്യങ്ങളടങ്ങിയ ഭക്ഷണക്രമങ്ങളും ജനങ്ങൾ സ്വീകരിച്ചു തുടങ്ങിയതായി പറഞ്ഞു. രാജ്യത്തിനകത്തും പുറത്തും ഇന്ന് സംസ്കൃതത്തിന് വലിയ പ്രാധാന്യമാണുള്ളത്. ലോകത്തിലെ പല രാജ്യങ്ങളിലും സംസ്കൃത ഭാഷയെക്കുറിച്ച് ഗവേഷണങ്ങളും പരീക്ഷണങ്ങളും നടക്കുന്നുണ്ടെന്നും ഇത്തരം ശ്രമങ്ങളെ മുന്നോട്ട് കൊണ്ടുവരണമെന്നും പ്രധാനമന്ത്രി പറഞ്ഞു. അസമിലെ ചെറു ഗ്രാമമായ ബാരേകുരിയിലെ മൊറാൻ സമൂഹത്തിന്റെ മൃഗസ്നേഹത്തെക്കുറിച്ചും ശ്രീ മോദി മൻ കി ബാത്തിൽ വിശദീകരിച്ചു. പല്ലുകൾക്കും കൊമ്പുകൾക്കും തുകലിനായും

RNU TVPM

വേട്ടയാടപ്പെടുന്ന മൃഗങ്ങളെ സംരക്ഷിക്കാനായി അരുണാചൽപ്രദേശിലെ ഒരു സംഘം യുവാക്കൾ നടത്തുന്ന ശ്രമങ്ങൾ പ്രധാനമന്ത്രി എടുത്തു പറഞ്ഞു. മൃഗങ്ങളുടെ വിവിധ ഭാഗങ്ങൾ 3-ഡി പ്രിന്റിംഗിലൂടെ തയ്യാറാക്കി വസ്ത്രങ്ങളും തൊപ്പികളും നിർമ്മിക്കുന്നു. ഇത്തരം പ്രയത്നങ്ങൾ ഏറെ പ്രശംസ അർഹിക്കുന്നവയാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. **ന്യൂസ്ഡെസ്ക് ആകാശവാണി......**

**************************

## വയനാട് - തിരച്ചിൽ

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്ക് വേണ്ടി തിരച്ചിൽ തുടരുന്നു. റിപ്പൺ ആനടിക്കാപ്പ് മുതൽ ചാലിയാർ വരെയുള്ള ഭാഗത്താണ് ഇന്ന് പ്രത്യേക സംഘം തിരച്ചിൽ നടത്തുന്നത്. വൈകിട്ട് 3.30 വരെയാണ് തിരച്ചിൽ നടക്കുക. അതേസമയം വയനാട്ടിൽ ഉരുൾപൊട്ടൽ ബാധിത പ്രദേശത്തെ സ്കൂളുകൾ സെപ്റ്റംബർ 2 ന് തുറക്കും.

RNU TVPM

**************************

## ചട്ടമ്പിസ്വാമി ജയന്തി

ഇന്ന് ചട്ടമ്പി സ്വാമി ജയന്തി ദിനം. ചട്ടമ്പിസ്വാമിയുടെ ജന്മസ്ഥലമായ തിരുവനന്തപുരം കണ്ണമ്മൂലയിൽ ഇന്ന് ജയന്തി സമ്മേളനം നടത്തും. മന്ത്രി കെ ബി ഗണേഷ് കുമാർ സമ്മേളനം ഉദ്ഘാടനം ചെയ്യും.

**************************

## ചട്ടമ്പിസ്വാമി- ജന്മവാർഷികദിനം

ചട്ടമ്പിസ്വാമികളുടെ 171-ാമത് ജന്മവാർഷിക ദിനത്തോട് അനുബന്ധിച്ച് സ്വാമികളുടെ സമാധിസ്ഥലമായ കൊല്ലം പന്മന ആശ്രമത്തിൽ ജീവകാരുണ്യദിനമായി ആചരിച്ചു. വയനാട് ദുരന്തത്തിൻ്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ

ഒഴിവാക്കിയാണ് ജയന്തി ആചരണം. നിരവധി തീർത്ഥാടകർ ആശ്രമം സന്ദർശിച്ചു. വിദ്യാധിരാജ എന്ന ഗ്രന്ഥത്തിൻ്റെ പ്രകാശനം ചടങ്ങിൽ നടന്നു.

**************************

## രഞ്ജിത്ത് രാജിവെച്ചു

സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്ത് രാജിവെച്ചു. രഞ്ജിത്ത് അപമര്യാദയായി പെരുമാറിയെന്ന ബംഗാളി അഭിനേത്രിയുടെ ആരോപണത്തിന് പിന്നാലെയാണ് രാജി. രഞ്ജിത്തിനെതിരെ ഇന്നലെ മുതൽ പ്രതിഷേധം ശക്തമായിരുന്നു.

**************************

## മന്ത്രി സജി ചെറിയാൻ

തെറ്റ് ചെയ്ത ആരെയും സർക്കാർ സംരക്ഷിക്കില്ലെന്നും തന്റേത് സ്ത്രീപക്ഷ നിലപാടാണെന്നും മന്ത്രി സജി ചെറിയാൻ. സർക്കാർ ആവശ്യപ്പെടാതെ തന്നെ രഞ്ജിത് രാജി സന്നദ്ധത അറിയിക്കുകയായിരുന്നെന്നും മന്ത്രി ചെങ്ങന്നൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. ആരോപണങ്ങളിൽ പരാതി കിട്ടിയാലേ കേസ് എടുക്കൂ എന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

**************************

## സിദ്ദിഖ് രാജിവച്ചു

ചലച്ചിത്ര താര സംഘടനയായ A.M.M.A യുടെ ജനറൽ സെക്രട്ടറി സ്ഥാനത്ത് നിന്ന് നടൻ സിദ്ദിഖ് രാജിവച്ചു. യുവ അഭിനേത്രിയുടെ പീഡന ആരോപണത്തെ തുടർന്നാണ് രാജി. രാജിക്കത്ത് അസോസിയേഷൻ പ്രസിഡൻറ് മോഹൻലാലിന് കൈമാറി.

**************************

## വി.കെ.സജീവൻ- ഹേമ കമ്മറ്റി

ജസ്റ്റിസ് ഹേമ കമ്മറ്റി റിപ്പോർട്ടിൽ സർക്കാർ നിയമ നടപടികൾ സ്വീകരിക്കണമെന്ന് ബി.ജെ.പി. കോഴിക്കോട് നടത്തിയ പ്രതിഷേധ സമരം ജില്ലാ പ്രസിഡന്റ് വി.കെ.സജീവൻ ഉദ്ഘാടനം ചെയ്തു.

**************************

## <u>സ്വീകരണം- മാറ്റി വച്ചു</u>

ഒളിമ്പ്യൻ ശ്രീജേഷിന് നാളെ നൽകാനിരുന്ന സ്വീകരണ ചടങ്ങ് മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.

**************************

## <u>തെരുവുനായ</u>

തിരുവനന്തപുരം നഗരത്തിൽ നിരവധി പേർക്ക് തെരുവുനായകളുടെ ആക്രമണത്തിൽ പരിക്ക്. ശനിയാഴ്ച നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒട്ടേറെപ്പേരെ തെരുവുനായകൾ കടിച്ചു. ജനറൽ ആശുപത്രിയിൽ 20 ഓളം പേരും ശാന്തിവിള ആശുപത്രിയിൽ പന്ത്രണ്ടിലേറെ പേരും ചികിത്സ തേടി. ഇത് കൂടാതെ മെഡിക്കൽ കോളേജ്, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലും ചിലർ ചികിത്സക്കെത്തി.

RNU TVPM

**************************

## <u>ഗതാഗത നിയന്ത്രണം</u>

ശ്രീകൃഷ്ണ ജയന്തി ശോഭായാത്രയോടനുബന്ധിച്ച് നാളെ തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം. ഉച്ചയ്ക്ക് രണ്ട് മുതൽ വൈകിട്ട് ഏഴ് വരെ പാളയം മുതൽ കിഴക്കേക്കോട്ട വരെയുള്ള ഭാഗത്താണ് നിയന്ത്രണം ഏർപ്പെടുത്തിയത്. പ്രസ്തുത സമയത്ത് ഇവിടെ വാഹന പാർക്കിംഗ് അനുവദിക്കില്ല.

**************************

## മഴ

സംസ്ഥാനത്ത് അടുത്ത ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

*************************

## റഷ്യ - ഡ്രോൺ അപകടം

റഷ്യൻ സൈന്യത്തിൽ പ്രവർത്തിക്കുന്നതിനിടെ ഡ്രോൺ ആക്രമണത്തിൽ കൊല്ലപ്പെട്ട തൃശൂർ സ്വദേശി സന്ദീപ് ചന്ദ്രന്റെ മരണം ഔദ്യോഗികമായി സ്ഥിരീകരിച്ചു. റഷ്യൻ പ്രതിരോധ മന്ത്രാലയമാണ് മരണം സ്ഥിരീകരിച്ചത്. സന്ദീപിന്റെ മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് റഷ്യൻ അധികൃതരോട് ഇന്ത്യൻ എംബസി അഭ്യർഥിച്ചിട്ടുണ്ട്.

*************************

## അപകടം-പന്തളം

പത്തനംതിട്ട കുളനട ജംക്ഷനിൽ ടൂറിസ്റ്റ് ബസും ലോറിയും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. ബസ് ഡ്രൈവർ തിരുവനന്തപുരം സ്വദേശി മിഥുൻ ആണ് മരിച്ചത്. മാനന്തവാടിയിൽ നിന്നും തിരുവനന്തപുരത്തേക്ക് പോയ ബസാണ് ചെങ്ങന്നൂർ ഭാഗത്തേക്ക് പോയ ലോറിയിൽ ഇടിച്ചത്.

*************************

## തീവണ്ടി അപകടം

കണ്ണൂർ കണ്ണപുരം റെയിൽവെ സ്റ്റേഷനിൽ പ്ലാറ്റ് ഫോമിൽനിന്ന് കാൽതെന്നി തീവണ്ടിക്കടിയിൽപ്പെട്ട് യാത്രക്കാരൻ മരിച്ചു. കൊയിലാണ്ടി ചെങ്ങോട്ട്കാവ് മേലൂർ സ്വദേശി കെ.കെ.നവീൻ ആണ് മരിച്ചത്. ഗാന്ധിധാം-നാഗർകോവിൽ

RNU TVPM

എക്സ്പ്രസിൽ യാത്ര ചെയ്തിരുന്ന നവീൻ വെള്ളമെടുക്കുന്നതിനായി ഇറങ്ങിയതായിരുന്നു. വണ്ടി പുറപ്പെട്ടപ്പോൾ ചാടി കയറുന്നതിനിടയിലാണ് അപകടം.

****************************

## കേന്ദ്ര മന്ത്രിസഭ - പ്രധാനമന്ത്രി

ഏകീകൃത പെൻഷൻ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. സർക്കാർ ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിൻ്റെ 50 ശതമാനം പെൻഷൻ ഉറപ്പ് നൽകുന്നതാണ് പദ്ധതിയെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പദ്ധതി 2025 ഏപ്രിൽ ഒന്ന് മുതൽ പ്രാബല്യത്തിൽ വരും. പെൻഷൻ വാങ്ങുന്നയാൾ മരിച്ചാൽ, വ്യക്തിയുടെ മരണത്തിന് തൊട്ടുമുമ്പ് വരെ വാങ്ങിയിരുന്ന പെൻഷൻ തുകയുടെ 60 ശതമാനം പെൻഷൻ കുടുംബത്തിന് ഉറപ്പാക്കും. കുറഞ്ഞത് 10 വർഷത്തെ സർവീസ് ഉള്ളവർക്ക് പ്രതിമാസം 10,000 രൂപ പെൻഷൻ നൽകും. ഏകദേശം 23 ലക്ഷം കേന്ദ്ര സർക്കാർ ജീവനക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് കേന്ദ്ര മന്ത്രി അഭിപ്രായപ്പെട്ടു.

RNU TVPM

****************************

## റോഡ് നവീകരണം

ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ് നവീകരണത്തിന്റെ ഭാഗമായി പള്ളാത്തുരുത്തി ഭാഗത്ത് ഗതാഗതം നിരോധിക്കും. പള്ളാത്തുരുത്തി പാലത്തിന്റെ എൻ ഗർഡർ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഭാഗമായി ചൊവ്വാഴ്ച രാത്രി 07-00 മണി മുതൽ ബുധൻ രാവിലെ 7.00 മണി വരെയായാണ് നിരോധനം. ചങ്ങനാശ്ശേരി നിന്ന് വരുന്ന വാഹനങ്ങൾ പൂപ്പള്ളി-ചമ്പക്കുളം- SN കവല വഴി ആലപ്പുഴയ്ക്കും, ആലപ്പുഴ വഴി വരുന്ന വാഹനങ്ങൾ SN കവല - ചമ്പക്കുളം വഴി പൂപ്പള്ളിക്കോ അമ്പലപ്പുഴ- തിരുവല്ല റോഡ് വഴിയോ പോകേണ്ടതാണെന്ന് അധികൃതർ അറിയിച്ചു.

****************************************************************************************************************************

******